**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2949** **14-02-2024 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മുതലപ്ര, വെള്ളുകുന്ന് എന്നീ കോളനികൾക്ക് അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | മുതലപ്ര, വെള്ളുകുന്ന് കോളനികളുടെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ വിശദമായ ഡി.പി.ആർ. പട്ടിക ജാതി വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായ തീയതി അറിയിക്കുമോ; ഡി.പി.ആർ. പരിശോധിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | മുതലപ്ര, വെള്ളുകുന്ന് എന്നീ കോളനികളുടെ ആദ്യ എസ്റ്റിമേറ്റുകൾ യഥാക്രമം 28/01/2023, 23/03/2023 എന്നീ തീയതികളിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത എസ്റ്റിമേറ്റുകളിലെ ന്യൂനതകൾ പരിഹരിച്ച് 20/11/2023 ൽ നിർവ്വഹണ ഏജൻസി പുനസമർപ്പിച്ചിട്ടുണ്ട്. ന്യൂനത പരിഹരിച്ച് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിൽ ഉണ്ടായ കാലതാമസമാണ് ഭരണാനുമതി വൈകുന്നതിന് ഇടയാക്കിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഏത് ഏജൻസിയേയാണ് ഏല്പിച്ചിരിക്കുന്നതെന്നും ഡി.പി.ആർ. സമർപ്പിക്കുന്നതിൽ ഏജൻസിയുടെ ഭാഗത്ത് നിന്ന് കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ? | (സി) | Steel Industrials Kerala Limited, Thrissur(SILK) ആണ് ടി രണ്ട് കോളനികളുടേയും നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിൽ ഏജൻസിയുടെ ഭാഗത്തുനിന്ന് കാലതാമസം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ